നം. PC1-5162/2021

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 19-2-2021
ഇ-മെയിൽ : directorate.wcd@kerala.gov.in

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും

സർ,

വിഷയം :- വനിതാ ശിശു വികസന വകുപ്പ് - ആന്വൽ പ്ലാൻ 2021-22 - പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- ആന്വൽ പ്ലാൻ 2021-22

വനിതകളുടെയും കുട്ടികളുടെയും സമഗ്രമായ വികസനവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി വനിതാ ശിശു വികസന വകുപ്പ് പ്രവർത്തിച്ചു വരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള എല്ലാത്തരം അതിക്രമങ്ങളും ഇല്ലാതാക്കുക, അവരുടെ അവരുടെ അവകാശങ്ങൾ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടുള്ള നിയമങ്ങൾ നടപ്പാക്കുക, സാമ്പത്തിക സാമൂഹിക മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിന് പ്രോഗ്രാമുകളും പദ്ധതികളും രൂപകൽപ്പന ചെയ്യുക എന്നിവ വനിതാ ശിശുവികസന വകുപ്പിന്റെ ലക്ഷ്യങ്ങളിൽ ചിലതാണ്. 2021-22 സാമ്പത്തിക വർഷം വനിതാ ശാക്തീകരണപരിപാടികൾക്കും വനിതാ ക്ഷേമ സ്ഥാനപനങ്ങൾക്കുമായി ബഡ്ജറ്റിൽ 14 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനത്തിനായി പല പദ്ധതികളും വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ടെങ്കിലും സ്ത്രീകളുടെ ശാക്തീകരണത്തിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനും നയങ്ങളും പ്രൊജെക്ടുകളും രൂപ കൽപ്പന ചെയ്യുന്നത് വനിതാ ശിശുവികസന വകുപ്പാണ് എന്നതിനാൽ ടി വിഭാഗങ്ങൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്വങ്ങളിൽ ഒന്നാണ്. ഈ സാഹചര്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ (വിധവകൾ, HIV ബാധിതർ, ഭിന്നശേഷിക്കാർ, ഗാർഹിക പീഡനത്തിന് ഇരയായവർ, unwed mothers തുടങ്ങിയവർ) വികസനത്തിനും, സ്ഥാപനങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി 2021-22 ലെ ആന്വൽ പ്ലാനിനനുസൃതമായ പ്രൊപ്പോസലുകൾ തയ്യാറാക്കി ഈ കാര്യാലയത്തിൽ ലഭ്യമാക്കുവാൻ നിർദേശിക്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകളുടെ പുനരധിവാസത്തിന് അനുയോജ്യമായ പദ്ധതികൾ, ടി വിഭാഗങ്ങളുടെ നൈപുണ്യ വികസന ശേഷിയും ഉപജീവനവും ശക്തിപ്പെടുത്തുന്നതിനുള്ള പ്രൊജെക്ടുകൾ, സാമൂഹിക, സാമ്പത്തിക മേഖലകളിൽ അവരുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള പ്രൊജെക്ടുകൾ എന്നിവയാണ് തയ്യാറാക്കി സമർപ്പിക്കേണ്ടത്. എല്ലാ ജില്ലകളിൽ നിന്നും അനുയോജ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കേണ്ടതാണ്. പ്രൊജെക്ടുകൾ മാർച്ച് 2 ന് മുൻപ് wcdplancell@gmail.com എന്ന ഇ-മെയിൽ അഡ്രസിൽ മെയിൽ ചെയ്യേണ്ടതാണ്. 2021-22 ലെ ആന്വൽ പ്ലാൻ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശ്വസ്തതയോടെ,
Geethakumari R
വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി